വിവിധ പദ്ധതികളുടെ ഉദ്ഘാടനം ഇന്ന്

പത്തനംതിട്ട

പത്തനംതിട്ടയിൽ പുർത്തിയാക്കുന്ന വിവിധ പദ്ധതികളുടെ ഉദ്ഘാടനം ബുധനാഴ്ച നടക്കും. ജനറൽ ആശുപത്രിയിൽ നിർമിച്ച ക്ലിനിക്കൽ കെയർ ബ്ലോക്ക്, ഒപി ബ്ലോക്ക് എന്നീ കെട്ടിടങ്ങളുടെ ഉദ്ഘാടനം പകൽ 3.30ന് ആരോഗ്യ മന്ത്രി വീണാ ജോർജ് നിർവഹിക്കും. ജില്ലാ സ്റ്റേഡിയം പവലിയൻ, നീന്തൽക്കുളം എന്നിവയുടെ ആദ്യഘട്ടം ഉദ്ഘാടനം കായികമന്ത്രി അബ്ദുറഹിമാൻ നിർവഹിക്കും. റിങ് റോഡ് സൗന്ദര്യവൽക്കരണം ആദ്യഘട്ട ഉദ്ഘാടനം പൊതുമരാമത്ത് മന്ത്രി മുഹമ്മദ് റിയാസ് നിർവഹിക്കും. ആറന്മുള കെയർ പദ്ധതിയുടെ ഉദ്ഘാടനവും നടക്കും. വൈകിട്ട് നാലിന് ആശുപത്രി ജങ്ഷനിൽ നിന്ന് ആരംഭിക്കുന്ന ഘോഷയാത്ര സ്റ്റേഡിയത്തിൽ സമാപിക്കും.

ഓമല്ലൂരിൽ യോഗം നടത്തി

ഓമല്ലൂർ

സിപിഐഎം എം ഓമല്ലൂർ ലോക്കൽ കമ്മിറ്റി നേതൃത്വത്തിൽ ഓമല്ലൂരിൽ സംഘടിപ്പിച്ച രാഷ്ട്രീയ വിശദീകരണ യോഗം ജില്ലാ സെക്രട്ടറി രാജു എബ്രഹാം ഉദ്ഘാടനം ചെയ്തു. ലോക്കൽ സെക്രട്ടറി ഇ കെ ബേബി അധ്യക്ഷനായി. സിപിഐഎം എം ജില്ലാ സെക്രട്ടേറിയറ്റംഗം അഡ്വ. ഓമല്ലൂർ ശങ്കർ, ഏരിയ സെക്രട്ടറി എം വി സണ്ണു, ഏരിയ കമ്മിറ്റി യംഗം പി ജി പ്രസാദ്, എം ആർ അനിൽകുമാർ എന്നിവർ സംസാരിച്ചു.

ലിറ്റിൽ കൈറ്റ്സ് മത്സരത്തിൽ മൂന്നാം സ്ഥാനം

കോന്നി

ലിറ്റിൽ കൈറ്റ്സ് സംസ്ഥാന പുരസ്കാരത്തിൽ മൂന്നേറ്റം കുറിച്ച് കോന്നി റിപ്പബ്ലിക്കൻ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ. ഐടി വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ നടത്തിയ വിവിധ ഇടപെടലുകളും പ്രവർത്തനങ്ങളും പരിഗണിച്ചാണ് സ്കൂൾ ജില്ലയിൽ മൂന്നാം സ്ഥാനം നേടിയത്. വിദ്യാർത്ഥികൾക്കൊപ്പം ഐടി അധിഷ്ഠിത പ്രവർത്തനങ്ങളിൽ നടത്തിയ സാമൂഹിക ഇടപെടലുകളും പരിഗണിച്ചാണ് പുരസ്കാരം.

ഒപി കെട്ടിടം ഉദ്ഘാടനം ഇന്ന്

പത്തനംതിട്ട

മൈലപ്ര കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ ഒ പി കെട്ടിടം ഉദ്ഘാടനം ബുധൻ രാവിലെ 10ന് ആരോഗ്യ മന്ത്രി വീണാ ജോർജ് നിർവഹിക്കും. കെ യു ജനീഷ് കുമാർ എംഎൽഎ അധ്യക്ഷനാകും. ആന്റോ ആന്റണി എംപി മുഖ്യപ്രഭാഷണം നടത്തും. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൽ അനിതാകുമാരി റിപ്പോർട്ട് അവതരിപ്പിക്കും. ആരോഗ്യകേരളം പദ്ധതിയിലുൾപെടുത്തി 1.43 കോടി രൂപ വിനിയോഗിച്ചാണ് ആശുപത്രി കെട്ടിടനിർമാണം.

മണ്ണു സംരക്ഷണ പ്രവർത്തനം

പത്തനംതിട്ട

മെഴുവേലി പഞ്ചായത്തിലെ പൂക്കൈത എസ് സി ഉന്നതിയിലെ മണ്ണുസംരക്ഷണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്തംഗം സവിത അജയകുമാർ നിർവഹിച്ചു. മെഴുവേലി പഞ്ചായത്തംഗം അനിതാ ഭാസ്ക്കർ അധ്യക്ഷയായി. കെ സി രാജഗോപാലൻ, വിനോദ്, രജത കുഞ്ഞുമോൻ, മണ്ണുസംരക്ഷണ ഓഫീസ് ജീവനക്കാരായ സുർജിത് തങ്കൻ, ജെ എസ് ബെൻസി, ശ്രീസിദ്ധി എസ് നായർ എന്നിവർ പങ്കെടുത്തു.

ഇഫ്താർ സംഗമം

കോന്നി

ഡിവൈഎഫ്ഐ നേതൃത്വത്തിൽ കോന്നി ടൗണിൽ ഇഫ്താർ സംഗമം നടത്തി. കെ യു ജനീഷ് കുമാർ എംഎൽഎ ഉദ്ഘാടനം ചെയ്തു. മേഖലാ സെക്രട്ടറി നാഹിൽ ഇബ്രാഹിം അധ്യക്ഷനായി. എച്ച് എം ഹനീഫാ മൗലവി മുഖ്യപ്രഭാഷണം നടത്തി.

സിപിഐഎം ഏരിയ സെക്രട്ടറി ശ്യാംലാൽ, കെഎസ്ടിയു ജില്ലാ പ്രസിഡന്റ് പി എസ് ഷൂജകുമാർ, ഷിജു ബിഗം,സിനി ഷെമീർ, ശാന്തിനി ഷിബു, ഷാബുദ്ദീൻ എന്നിവർ സംസാരിച്ചു. പുരോഹിതസ്ഥാനത്ത് അഡ്വ റ്റാണ്ടി പിന്നിട്ട എച്ച് എം ഹനീഫാ മൗലവിയെ എംഎൽഎ ആദരിച്ചു.

0 നെഗറ്റീവ്
കിഡ്നി ആവശ്യമുണ്ട്
9447548120

അമ്മയും കുഞ്ഞും
കേരളത്തിലെ ഏറ്റവും വലിയ പ്രസവാനന്തര പരിചരണ സ്ഥാപനത്തിലേക്ക് നിങ്ങൾക്കും തൊഴിലവസരം
സ്ത്രീകൾക്ക് ഉടൻ നിയമനം
8281809999

പാവിന്നി പട്ടികവർഗ ഉന്നതിയിൽ ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കെ യു ജനീഷ് കുമാർ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

കോന്നിയിൽ ഉന്നതികളിലും വികസനം

ചിറ്റാർ

നാല് ഉന്നതികളിൽ ഓരോ കോടി രൂപ അനുവദിച്ച് നടത്തുന്ന വികസന പ്രവർത്തനങ്ങളുടെ നിർമാണോദ്ഘാടനം നടത്തി. കെ യു ജനീഷ് കുമാർ എംഎൽഎയുടെ ശ്രമഫലമായി അനുവദിച്ച ഫണ്ടുപയോഗിച്ച് തണ്ണിത്തോട് പട്ടികജാതി ഉന്നതി, ചിറ്റാറിലെ പാവിന്നി, കൊടുമുടി പട്ടികവർഗ ഉന്നതികൾ, കേരതയാട്ടുപാറ പട്ടികജാതി ഉന്നതി എന്നിവിടങ്ങളിൽ നടത്തുന്ന വികസനപ്രവർത്തനങ്ങളുടെ നിർമാണോദ്ഘാടനമാണ് നടന്നത്.

ചിറ്റാറിൽ വിവിധ ഉന്നതികളിൽ നടന്ന ചടങ്ങുകളിൽ പഞ്ചായത്ത് പ്രസിഡന്റ് ഷൈലജ ബിവിയും തണ്ണിത്തോട്ടിൽ ബ്ലോക്ക് പഞ്ചായത്തംഗം പി സി ശ്രീകുമാറും അധ്യക്ഷരായി. ജില്ലാ പഞ്ചായത്തംഗം ടി കെ സജി, പഞ്ചായത്തംഗങ്ങളായ അനിൽ ബഞ്ചമൻപാറ, സുഭാഷ് പുറമണൻ, നിശ, അനിത, ലോജി, അസിസ്റ്റന്റ് ട്രൈബൽ ഓഫീസർ ശശിധരൻ, ടിഇഒ ഗോപകുമാർ എന്നിവർ പങ്കെടുത്തു.

കോളേജ് ദിനാഘോഷം

കോഴഞ്ചേരി

പുന്നയ്ക്കാട് സിഎസ് ഐ കോളേജിന്റെ കോളേജ് ദിനാഘോഷം മലയാളം മിഷൻ റേഡിയോ പ്രോഗ്രാം ഹെഡും എഴുത്തുകാരനുമായ ജേക്കബ് എബ്രഹാം നിർവൂഹിച്ചു. കോളേജ് മാനേജർ മലയിൽ സാബു കോശി ചെറിയാൻ അധ്യക്ഷനായി.

കോളേജ് ബർസാർ ഫാ. വർക്കി തോമസ്, കോളേജ് പ്രിൻസിപ്പൽ ഡോ. ഷിന ഈപ്പൻ, മല്ലപ്പുഴശ്ശേരി പഞ്ചായത്ത് പ്രസിഡന്റ് ബെന്നി കുഴിക്കാല, പഞ്ചായത്തംഗം മിനി ജിജു ജോസഫ്, കമാൻഡർ തര്യൻ കോശി, ഡോ. ഡാർലി മാത്യു, ഡോ. ജുബി ജേക്കബ്, കോളേജ് യൂണിയൻ ചെയർമാൻ ഫെബിൻ പി സുനിൽ എന്നിവർ സംസാരിച്ചു.

■ ആറന്മുള മണ്ഡലം

വിവിധ പദ്ധതികൾക്ക് 4.09 കോടി

പത്തനംതിട്ട

ആറന്മുള മണ്ഡലത്തിലെ വിവിധ പ്രവൃത്തികളുടെ നിർമാണത്തിന് 4.09 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതായി ആരോഗ്യമന്ത്രി വീണാ ജോർജ് പറഞ്ഞു. പത്തനംതിട്ട നഗരസഭയിലെ കുമ്പഴ –നടത്തി – വെട്ടൂർ റോഡ് 99 ലക്ഷം രൂപ, ഇലന്തൂർപഞ്ചായത്തിലെ ഇലന്തൂർ –ഇടപ്പരിയാരം –മുക്കോട് റോഡ് 69.58 ലക്ഷം, ചെമ്പകത്തിൽ പടി – മലയിരിക്കുംമുരുപ്പ് റോഡ് 30 ലക്ഷം, കേരളിപ്രാപഞ്ചായത്തിലെ താഴുമാവൽ പടി– പാലംമ്പറമ്പിൽ പടി –പുവത്തൂർ ജങ്ഷൻ–മാവേലി വടക്കേതിൽ ലിങ്ക് റോഡ് 48.07 ലക്ഷം, കുളനട പഞ്ചായത്തിൽ ഉളനാട് പോസ്റ്റ് ഓഫീസ് പടി–പാണിൽ റോഡ് 79.90 ലക്ഷം, ചിറവരമ്പ് – കുളിബ്ലിറ റോഡ് 40 ലക്ഷം, പാണിശ്ശേരിപ്പടി എബനേസേർ മാർത്തോമാ ചർച്ച് റോഡ് – 19.16 ലക്ഷം.

കുളനട പഞ്ചായത്തിലെ വിവിധസ്ഥലങ്ങളിൽ 10 മീറ്റർ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പ്രവൃത്തി 24 ലക്ഷം എന്നിവയ്ക്കാണ് അനുമതി ലഭിച്ചത്. പൊതുമരാമത്ത് റോഡ്സ് എക്സിക്യൂട്ടീവ് എൻജിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവർക്കാണ് പ്രവൃത്തിയുടെ നിർവഹണ ചുമതല. സാങ്കേതിക നടപടിക്രമം പൂർത്തിയാക്കി വേഗം നിർമാണം പൂർത്തിയാക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രി പറഞ്ഞു.

ചിത്തിര നഗറിൽ അംബേദ്കർ ഗ്രാമം പദ്ധതി തുടങ്ങി

ഏഴാംകുളം

പട്ടികജാതി പട്ടിക വർഗ്ഗ വകസന മേഖലയിൽ വൻ മുന്നേറ്റമാണ് നടക്കുന്നതെന്ന് പട്ടികജാതി ക്ഷേമ വകുപ്പ് മന്ത്രി ഒ ആർ കേളു പറഞ്ഞു. അടൂരിൽ ഏഴാംകുളം ചിത്തിര നഗറിൽ ഒരു കോടി രൂപ വിനിയോഗിച്ച് നിർമിച്ച അംബേദ്കർ ഗ്രാമം പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഏഴാംകുളം ചിത്തിര നഗറിൽ 19 വീടുകളുടെ അറ്റകുറ്റപ്പണി നടത്തി ഏട്ട് വീടുകൾക്ക് വാൾ, നാല് റോഡ്, കോൺക്രീറ്റ് ചെയ്ത് സഞ്ചാരയോഗ്യമാക്കി. ഒരു കൾവർട്ട് എന്നീ പദ്ധതികളാണ് പൂർത്തീകരിച്ചത്. ചടങ്ങിൽ ഡെപ്യൂട്ടി സ്പീക്കർ പി കെ ഗോപകുമാർ അധ്യക്ഷനായി.. ഒല്ലൂക്കര് പഞ്ചായത്ത് പ്രസിഡന്റ് ബിനി ലാൽ, ജില്ലാ പഞ്ചായത്തംഗം എ എൻ സലീം, ഏഴംകുളം പഞ്ചായത്ത് പ്രസിഡന്റ് ഇ എ ലത്തീഫ്, ബ്ലോക്ക് പഞ്ചായത്ത് അംഗം പി കെ മുരളി, പഞ്ചായത്ത് അംഗങ്ങളായ എസ് വിജയകുമാരി, ആർ ജെനി, കെ പ്രസന്നകുമാർ, സംസ്ഥാന ഉപദേശ സമിതി അംഗങ്ങളായ കെ രവികുമാർ, കെ ദാസൻ, പ്രൊഫ. കെ മോഹനൻ കുമാർ, ജി രാധാകൃഷ്ണൻ, ആർ കമലാസനൻ, ജി സുദർശനൻ, നിർമിതി കേന്ദ്രം നിജനൻ എന്നിങ്ങനെ നിയമ എൽ ഷിജ, മുൻ ബ്ലോക്ക് മെമ്പർ മഞ്ജു, സിഡിഎസ് അധ്യക്ഷ എൽ മഞ്ജു, കെ നകുലൻ, ആർ അജികുമാർ എന്നിവർ സംസാരിച്ചു.

വാർഷികാഘോഷം

കോഴഞ്ചേരി

ചെറുകോൽ ഗവ. യു പി സ്കൂളിന്റെ 111–ാമത് വാർഷികാഘോഷം അഡ്വ. പ്രമോദ് നാരായണൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് അജിന നജീബ് അധ്യക്ഷയായി. സ്കൂൾ ഹെഡ്മിസ്ട്രസ് സ്വീതാ റാണി. ലക്ഷ്മി സുരേന്ദ്രൻ, അശോക് ഗോപിനാഥ്, ഒ പി സുരേഷ്, ശ്രീപി കുമാർ, അന്നമ്മ ജോസഫ്, ഇ എസ് ഹരികുമാർ, അഞ്ജലി മനീഷ്, കുമാരി ഗാഥാ മനീഷ്, കെ എൻ അംബിക എന്നിവർ സംസാരിച്ചു.

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
എൻ.കെ.പി.ഡി ഇ.ഡബ്ല്യു വിഭജിതഭാഗ ഇ-ലേലിൽ: ee1sgdpta@gmail.com, പത്തനംതിട്ട- 689 645
നമ്പർ–ഡിബി/ജനറൽ/2026 തീയതി:10.03.2026

ജനകിയാസൂത്രണ പദ്ധതി 2025-26
ഇ–ടെൻഡർ പരസ്യം.

ഇ–ടെൻഡർ പരസ്യം നമ്പർ 12/ഇഇ/ എൽ.ഐ.ഡി ഇ.ഡബ്ല്യു / പി.ഡി.എ ഡി 12/ എളമ്പല്ല/ എൽ.ഐ.ഡി & ഇ.ഡബ്ല്യു /പി.ഡി.എ തീയതി 10.03.2026 പ്രകാരം www.kerala.gov.in എന്ന വെബ് സൈറ്റിൽ (Window No. D275576/2026) പരസ്യം ചെയ്യിട്ടുള്ള 29 ജില്ലാ പഞ്ചായത്ത് ഇ–ടെൻഡർ പ്രവൃത്തികൾക്കും, 22 എം.എൽ.എ– എ.ഡി.എസ് ഇ–ടെണ്ടർ പ്രവർത്തികൾക്കും, 3 ബഡ്ജറ്റ് പ്രവർത്തിക്കും അംഗീകൃത കരാറുകാരിൽ നിന്നും ഇ–ടെണ്ടർ ക്ഷണിച്ചുകൊള്ളുന്നു.

1) ഇ–ദർഘാസ് യൗൗൗ